**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2467** **07-07-2022 - ൽ മറുപടിയ്ക്ക്**

**അസൻഡ് കേരള നിക്ഷേപക സംഗമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | രണ്ട് വർഷം മുമ്പ് സംഘടിപ്പിച്ച അസൻഡ് കേരള നിക്ഷേപക സംഗമത്തിൽ പ്രഖ്യാപിച്ച ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചുവെന്ന് വിശദീകരിക്കാമോ; | (എ) | 2020 ജനുവരി 9-10 വരെ കൊച്ചിയിൽ നടന്ന 'അസെൻഡ് കേരള 2020' ആഗോള നിക്ഷേപ സമ്മേളനത്തിൽ സർക്കാർ /സർക്കാരിൻ കീഴിലുള്ള സ്ഥാപനങ്ങൾ 165 പദ്ധതികളിലായി ആകെ 35,332.33/- കോടി രൂപയുടെ ധാരണാപത്രങ്ങൾ/ താൽപര്യ പത്രങ്ങളാണ് ഒപ്പുവച്ചിരുന്നത്. കെ.എസ്.എെ.ഡി.സിയുമായി ബന്ധപ്പെട്ട് 151 പദ്ധതികളിലായി 33,301.94 കോടി രൂപയുടെയും കിൻഫ്ര-യുമായി ബന്ധപ്പെട്ട് 14 പദ്ധതികളിലായി 2030.39കോടി രൂപയുടെയും ധാരണാപത്രങ്ങൾ / താൽപര്യപത്രങ്ങളാണ് ഒപ്പുവച്ചു. കെ.എസ്.എെ.ഡി.സിയുമായി ധാരണാപത്രം/ താൽപര്യപത്രം ഒപ്പുവച്ച പദ്ധതികളിൽ 808.58 കോടി രൂപയുടെ 31 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 9,345.40 കോടി രൂപയുടെ 53 പദ്ധതികൾ നടപ്പിലാക്കിവരുന്നു. 5,003.75 കോടി രൂപയുടെ 37 പദ്ധതികൾ വിവിധകാരണങ്ങളാൽ താൽകാലികമായി നിർത്തി വച്ചിരിക്കുന്നു. 18,144.21 കോടി രൂപയുടെ 30 പദ്ധതികൾ വിവിധകാരണങ്ങളാൽ ഉപേക്ഷിച്ചു. കിൻഫ്ര-യുമായി ധാരണാപത്രം / താൽപര്യപത്രം ഒപ്പുവച്ച പദ്ധതികളിൽ 1050 കോടി രൂപയുടെ 6 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ളവ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.<br><br>കോവിഡ്-19 മഹാമാരി വരുത്തിവെച്ച ആഗോള സാമ്പത്തിക പ്രതിസന്ധി മൂലമാണ് ധാരണാ പത്രം ഒപ്പുവെച്ച ചില പദ്ധതികൾ പ്രൊമോട്ടർമാർ ഉപേക്ഷിക്കുകയോ നിർത്തിവെക്കുകയോ ചെയ്തിരിക്കുന്നത്. |
| (ബി) | പ്രസ്തുത സംഗമത്തിൽ ഒപ്പുവച്ച നിക്ഷേപ പദ്ധതികളിൽ എത്ര കോടി രൂപയുടെ പദ്ധതികൾ | (ബി) | 2020 ജനുവരി 9-10 വരെ കൊച്ചിയിൽ നടന്ന 'അസെൻഡ് കേരള 2020' ആഗോള നിക്ഷേപ സമ്മേളനത്തിൽ സർക്കാർ /സർക്കാരിൻ കീഴിലുള്ള |

| | | | |
|---|---|---|---|
| | ഉപേക്ഷിച്ചുവെന്നും ഉപേക്ഷിച്ചതിന്റെ കാരണവും വിശദമാക്കാമോ; | | സ്ഥാപനങ്ങൾ 165 പദ്ധതികളിലായി ആകെ 35,332.33/- കോടി രൂപയുടെ ധാരണാപത്രങ്ങൾ/ താൽപര്യ പത്രങ്ങളാണ് ഒപ്പുവച്ചിരുന്നത്. കെ.എസ്.എെ.ഡി.സിയുമായി ബന്ധപ്പെട്ട് 151 പദ്ധതികളിലായി 33,301.94 കോടി രൂപയുടെയും കിൻഫ്ര-യുമായി ബന്ധപ്പെട്ട് 14 പദ്ധതികളിലായി 2030.39കോടി രൂപയുടെയും ധാരണാപത്രങ്ങൾ / താൽപര്യപത്രങ്ങളാണ് ഒപ്പുവച്ചു. കെ.എസ്.എെ.ഡി.സിയുമായി ധാരണാപത്രം/ താൽപര്യപത്രം ഒപ്പുവച്ച പദ്ധതികളിൽ 808.58 കോടി രൂപയുടെ 31 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 9,345.40 കോടി രൂപയുടെ 53 പദ്ധതികൾ നടപ്പിലാക്കിവരുന്നു. 5,003.75 കോടി രൂപയുടെ 37 പദ്ധതികൾ വിവിധകാരണങ്ങളാൽ താൽകാലികമായി നിർത്തി വച്ചിരിക്കുന്നു. 18,144.21 കോടി രൂപയുടെ 30 പദ്ധതികൾ വിവിധകാരണങ്ങളാൽ ഉപേക്ഷിച്ചു. കിൻഫ്ര-യുമായി ധാരണാപത്രം / താൽപര്യപത്രം ഒപ്പുവച്ച പദ്ധതികളിൽ 1050 കോടി രൂപയുടെ 6 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ളവ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.<br><br>കോവിഡ്-19 മഹാമാരി വരുത്തിവെച്ച ആഗോള സാമ്പത്തിക പ്രതിസന്ധി മൂലമാണ് ധാരണാ പത്രം ഒപ്പുവെച്ച ചില പദ്ധതികൾ പ്രൊമോട്ടർമാർ ഉപേക്ഷിക്കുകയോ നിർത്തിവെക്കുകയോ ചെയ്തിരിക്കുന്നത്. |
| (സി) | പ്രഖ്യാപിച്ച ചെറുകിട ജല വൈദ്യുത പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചുവെന്നറിയിക്കാമോ; | (സി) | ടെക്നോലൈൻ എഞ്ചിനീയറിംഗ് കേരളം പ്രൈവറ്റ് ലിമിറ്റഡിന്റെ വാഞ്ചിയം ചെറുകിട ജലവൈദ്യുത പദ്ധതി മാത്രമാണ് അസൻഡ് പ്രോജക്ടിൽ ലഭിച്ചത്. പ്രസ്തുത കമ്പനിക്ക് 2012ലെ SHP പോളിസി വ്യവസ്ഥകൾക്കനുസരിച്ച് വാഞ്ചിയം ചെറുകിട ജലവൈദ്യുത പദ്ധതി അനുവദിച്ച് നൽകണം എന്നുള്ള നിർദ്ദേശം അംഗീകരിക്കാൻ കഴിയുകയില്ല എന്ന് ഊർജ വകുപ്പ് അറിയിച്ചിരുന്നു. ഈ പദ്ധതി അവലോകനം ചെയ്തു തുടർ തീരുമാനം പ്രസ്തുത കമ്പനിയെ അറിയിക്കാൻ ഊർജ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട് |
| (ഡി) | നിക്ഷേപ സംഗമത്തിൽ വന്ന പദ്ധതികളിൽ വകുപ്പുകളുടെ ഏകോപനമില്ലായ്മയും, ഫയലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിലുള്ള കാലതാമസവും, കെ.എസ്.ഐ.ഡി.സി.യുടെ ഭാഗത്ത് നിന്നും പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് വേണ്ടത്ര കാര്യക്ഷമത കാണിക്കാത്തതും പദ്ധതികൾ ഉപേക്ഷിച്ചു പോകാൻ കാരണമായി എന്ന ആക്ഷേപം | (ഡി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ